**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1398** **07-02-2023 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ദെലീമ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസം മത്സരാധിഷ്ഠിതം എന്നതിനുപകരം പാഠ്യപദ്ധതി പരിഷ്കരണം പ്രവർത്തനാധിഷ്ഠിതവും സഹകരണ പഠനത്തിനും സംഘ പഠനത്തിനും സാദ്ധ്യത തുറന്നുനൽകുന്ന രീതിക്ക് ഊന്നൽ നൽകിക്കൊണ്ടുമാണോ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | അധ്യാപകർ അറിവ് പകർന്ന് നൽകുന്നതിന് പകരം പ്രവർത്തനാധിഷ്ഠിതമായി കുട്ടികൾ സഹപഠനത്തിലൂടെയും സംഘപഠനത്തിലൂടെയും ഒരുമിച്ച് അറിവ് നിർമിക്കുക എന്ന തികച്ചും മനശാസ്ത്രപരമായ സമീപനമാണ് കേരളം അനുവർത്തിക്കുന്നത്. 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് ഈ സമീപനത്തെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രവർത്തനാധിഷ്ഠിതമായി സഹപഠനത്തിനും സംഘപഠനത്തിനും സാധ്യത നൽകുന്ന രീതിയായിരിക്കും സ്വീകരിക്കുക. |
| (ബി) | ശാസ്ത്രീയ മനോഭാവവും യുക്തി ചിന്തയും വളർത്തിയെടുക്കുന്നതിനും സാമൂഹ്യ നീതി, ലിംഗ നീതി, ജാതി മതാതീത സാമൂഹ്യ ബോധം, ജനാധിപത്യ മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കുന്നതിനും പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ടോ; | (ബി) | എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊള്ളുന്ന ഉദാത്തമായ ജനാധിപത്യ മാതൃകയാണ് ഇന്ത്യൻ ഭരണഘടന മുന്നോട്ട് വയ്ക്കുന്നത്. ബഹുസ്വരമായ കാഴ്ചപ്പാടാണ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് അനുയോജ്യമായ മനോഭാവം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി യായിരിക്കും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. |
| (സി) | പാഠ്യപദ്ധതി പരിഷ്കകരണത്തോടൊപ്പം അദ്ധ്യയന രീതിയിൽ അനിവാര്യമായി ഉണ്ടാകേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ലക്ഷ്യം വെക്കുന്ന അക്കാദമിക മികവുകൾ ഉറപ്പാക്കാൻ കഴിയും വിധം അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. അവധിക്കാല അധ്യാപക പരിശീലനങ്ങൾ, നവാധ്യാപക പരിശീലന പരിപാടികൾ, കലാ-കായിക അധ്യാപകർക്കുള്ള പരിശീലനങ്ങൾ, ഭിന്നശേഷി അധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങൾ, സാങ്കേതിക വിദ്യയുടെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ ക്ലാസ്സ് മുറികളെ ആധുനിക കാലത്തിനു യോജിച്ച തരത്തിൽ മാറ്റുന്നതിനും പാഠ്യപദ്ധതി പരിഷ്കാരം വിഭാവനം ചെയ്യുന്നതരത്തിൽ അധ്യാപകരെ നിരന്തരം ശാക്തീകരിക്കുന്നതിനുമുള്ള നവീനമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ